# ലാറ്റിനമേരിക്ക സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തുന്നു

**നോം ചോംസ്കി**

പരിഭാഷ : അനാമിക

**യൂറോപ്യൻ** അധിനിവേശത്തിന് ശേഷം അഞ്ചു നൂറ്റാണ്ടു കഴിഞ്ഞിരിയ്ക്കുന്ന വേളയിൽ ലാറ്റിനമേരിക്ക സ്വാതന്ത്ര്യം ഊന്നി പ്രതിഷ്ഠിക്കുന്നു. ദക്ഷിണമേഖലയിൽ പ്രത്യേകിച്ച് വെനിസുല മുതൽ അർജന്റീനവരെയുള്ള ഭാഗം പോയ നൂറ്റാണ്ടുകളിലെ വൈദേശിക മേധാവിത്വത്തിന്റെ അഹന്തയെയും അതിന്റെ സഹായത്തോടെ സ്ഥാപിതമായ ക്രൂരവും വിനാശകരവുമായ സാമൂഹിക സാഹചര്യങ്ങളെയും തുറന്നെതിർക്കാൻവേണ്ടി ഉണർന്ന് വന്നിരിക്കുകയാണ്.

സാമ്രാജ്യത്വത്തിന്റെ നിയന്ത്രണവിദ്യകളായ ഭീകരതയും സാമ്പത്തിക യുദ്ധവും ലാറ്റിനമേരിക്കക്കാർക്ക് വിദൂര സ്മരണയായിരിക്കുന്നു. അവ അപ്രസക്തമായിത്തുടങ്ങിയത് സ്വാതന്ത്ര്യാഗമനത്തിന്റെ ലക്ഷണമായിക്കരുതാവുന്നതാണ്. പണ്ടൊക്കെ ശക്തിയോടെ ഇടപെടാനും ആക്രമിച്ചുകയറാനുമിടയാക്കിയ പ്രശ്നങ്ങളിൽ ഇപ്പോൾ സഹിഷ്ണുത കാണിക്കാൻ വാഷിങ്ടൻ നിർബന്ധിതമായിരിക്കുന്നു.

ഈ മേഖലയിലാകെ ജനകീയ പ്രസ്ഥാനങ്ങളുടെ ചടുലനീക്കങ്ങൾ അർത്ഥവത്തായ ജനായത്തത്തിന് അടിസ്ഥാനമായി ഭവിച്ചിരിക്കുന്നു. തദ്ദേശീയരാകെ പ്രത്യേകിച്ച് ബൊളീവിയയിലും ഇക്വഡോറിലും പൂർവ്വകൊളമ്പിയൻ പാരമ്പര്യത്തിന്റെ തിരിച്ചറിവിൽ ആവേശഭരിതരും കർമ്മനിരതരുമായിട്ടുണ്ട്. ഇത്തരം പരിവർത്തനങ്ങൾ ലാറ്റിനമേരിക്കയിൽ കുറെ വർഷങ്ങളായി നിലനിന്ന ഒരു പ്രതിഭാസത്തിന്റെ അനന്തരഫലമാണ്. തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ ഔപചാരികജനായത്തത്തിലേയ്ക്ക് പതിച്ചപ്പോൾ ജനങ്ങൾക്ക് ജനാധിപത്യ സ്ഥാപനങ്ങളോട് മടുപ്പ് തോന്നിത്തുടങ്ങി. വെളിയിൽനിന്നുള്ള അധീശശക്തികളുടെ സ്വാധീനമില്ലാത്ത, പങ്കാളിത്തമുള്ള ജനാധിപത്യ സംവിധാനങ്ങൾ അവർ അന്വേഷിച്ചു.

അർജന്റീനയിലെ രാഷ്ട്രമീമാംസ ശാസ്ത്രജ്ഞനായ അധിലോ ബോറോൺ ഇതിനൊരു യുക്തിഭദ്രമായ വിശദീകരണം നൽകിയിട്ടുണ്ട്. ജനായത്തവല്കരണത്തിന്റെ ഈ പുത്തൻ വേലിയേറ്റം, പുറംലോകത്തിന്റെ മേധാവിത്തമുള്ള, ഫലപ്രദമായ ജനാധിപത്യത്തെ തുരങ്കം വെക്കുന്ന സാമ്പത്തിക പരിഷ്കാരങ്ങളുടെ കാലത്താണ് ഉയർന്ന് വന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു.

നാട്ടുരാജ്യങ്ങളുടേതായ ഒരു ലോകത്ത് സ്വയം നിർണ്ണയാവകാശത്തിലുള്ള വീഴ്ച ജനായത്തത്തിന്റെ വീഴ്ചയായി ഭവിക്കുന്നു-സാമൂഹികവും സാമ്പത്തികവുമായ നയരൂപീകരണത്തിനുള്ള ശക്തിക്ഷയമായും. ഫലം വികസനക്ഷയം!

സ്വയം നിർണ്ണയാവകാശത്തിന്റെ തകർച്ച, ബലവാന്മാരായ സമ്പന്ന രാജ്യങ്ങളുടെ താല്പര്യാനുസരണമുള്ള ഉദാരവല്കരണത്തിലെത്തിച്ചേരുന്നതായി ചരിത്രരേഖകളന്വേഷിച്ചാൽ മനസ്സിലാവും. ലോകത്തിലെ ഏറ്റവും സമ്പന്ന രാജ്യത്തിലെ ഈയടുത്ത കാലത്തുണ്ടായ പ്രസിഡണ്ട് തെരഞ്ഞെടുപ്പും തെക്കേ അമേരിക്കയിലെ ഏറ്റവും ദരിദ്രരാജ്യത്തിലെ പ്രസിഡണ്ട് തിരഞ്ഞെടുപ്പും താരതമ്യം ചെയ്ത് പരിശോധിച്ചാൽ ചില വ്യക്തമായ പാഠങ്ങൾ മനസ്സിലാവും.

2004ലെ അമേരിക്കൻ പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ ജനങ്ങൾക്ക് മുമ്പിലുണ്ടായിരുന്ന രണ്ടുപേരും സമ്പന്നതയിലും വരേണ്യതയിലും ജനിച്ച് വളർന്നവർ; ഒരേ വിഖ്യാത സർവ്വകലാശാലയിൽ പഠിച്ചവർ, ഒരേ രഹസ്യ ഏജൻസിയിൽനിന്നും ഭരണകാര്യങ്ങളും തിരഞ്ഞെടുപ്പ് പരിശീലനവും സിദ്ധിച്ചവർ, ഒരേ ബഹുരാഷ്ട്ര കുത്തകകളുടെ പിന്തുണ ആർജ്ജിച്ചവർ, സ്വകാര്യ സാമ്പത്തിക ശക്തികളുടെ അംഗീകാരമുള്ളവർ. അവരുടെ നയപരിപാടികൾ ഒന്നുതന്നെ. പ്രാഥമികമായി അവരെ നിയോഗിച്ചിരിക്കുന്നതും മറ്റൊന്നല്ല. സമ്പത്തും അതിന്റെ വിശേഷ പരിഗണനകളും.

ഇതിന്റെ മറുപുറമായി കഴിഞ്ഞ ഡിസംബറിൽ നടന്ന ബൊളീവിയയിലെ ഇവോ മൊറേലസിന്റെ തെരഞ്ഞെടുപ്പ് പരിഗണിക്കാം. പ്രകൃതി വാതകത്തിനുമേലുള്ള രാജ്യത്തിന്റെ നിയന്ത്രണാവകാശം പോലുള്ള സുപ്രധാന തെരഞ്ഞെടുപ്പ് വിഷയങ്ങളെക്കുറിച്ച് വോട്ടർമാർക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. കൂടാതെ നാട്ടാരുടെ അവകാശങ്ങൾ, സ്ത്രീകളുടെ അവകാശങ്ങൾ, സ്വത്തവകാശം, വെള്ളത്തിന്മേലുള്ള അവകാശം തുടങ്ങിയവയെല്ലാം പരിഗണിക്കപ്പെട്ടു. ബഹുജനങ്ങൾ അവരിൽ നിന്നൊരാളെ തെരഞ്ഞെടുത്തു- വരേണ്യതയുടെ ന്യൂനപക്ഷത്തിൽ നിന്നൊരു പ്രതിനിധിയെയല്ല തെരഞ്ഞെടുത്തത്.

ഈ മുന്നേറ്റത്തിലൂടെ ലാറ്റിനമേരിക്ക അവരുടെ രൂക്ഷമായ ആഭ്യന്തര പ്രശ്നങ്ങളിൽ ചിലതിന് പരിഹാരം കണ്ടേക്കാം. സമ്പന്നരുടെ അത്യാർത്തിയ്ക്കും ഉത്തരവാദിത്തലേശമില്ലാത്ത സ്വാതന്ത്ര്യത്തിനും കുപ്രസിദ്ധമാണ് ഈ പ്രദേശം.

ലാറ്റിനമേരിക്കയുടെയും കിഴക്കനേഷ്യൻ രാജ്യങ്ങളുടെയും സാമ്പത്തിക വളർച്ചയുടെ താരതമ്യ പഠനം ഒരു

(തുടർച്ച 26-ാം പേജിൽ)